**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം - നിയമാനുസൃതമായ റിട്ടേൺ സ്റ്റേറ്റ്മെന്റ് സമർപ്പിക്കുന്ന അംഗീകൃത ഡീലർമാർ നൽകുന്ന ബില്ലുകൾ സബ്സിഡിയ്ക്കായി പരിഗണിയ്ക്കുന്നതിന് നിഷ്കർഷിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (പ്ലാനിംഗ്-എ) വകുപ്പ്**

**സ. ഉ. (പി) നം. 110/2021/ധന** **തീയതി, തിരുവനന്തപുരം, 03/08/2021**

---

പരാമർശം:-1) 03-07-2015 തീയതിയിലെ സ.ഉ.(പി) നം.269/2015/ധന നമ്പർ സർക്കാർ ഉത്തരവ്

2) 31-03-2021 തീയതിയിലെ റബ്ബർ ബോർഡിന്റെ DO No.ED/3/2021 നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.

**ഉത്തരവ്**

റബ്ബർ ആക്ട് പ്രകാരം സ്വഭാവിക റബ്ബറിന്റെ എല്ലാത്തരം ഇടപാടുകൾക്കും റബ്ബർ ബോർഡ് നൽകുന്ന ലൈസൻസ് നിർബന്ധമാക്കിയിട്ടുള്ളതിനാൽ അംഗീകൃത ലൈസൻസ് ഉള്ള ഡീലർമാർ റബ്ബർ വാങ്ങിയതും വിറ്റതും സ്റ്റോക്കിനെ സംബന്ധിച്ചതുമായ ഒരു റിട്ടേൺ സ്റ്റേറ്റ്മെന്റ് എല്ലാ മാസവും റബ്ബർ ബോർഡിനു സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ ഈ നിയമാനുസൃതമായ റിട്ടേൺ സ്റ്റേറ്റ്മെന്റ് കൃത്യമായി സമർപ്പിക്കാത്ത ഡീലർമാർ നൽകുന്ന ബില്ലുകളും പരാമർശം-1 ലെ സർക്കാർ ഉത്തരവ് പ്രകാരം നടപ്പിലാക്കി വരുന്ന റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിനു കീഴിൽ സബ്സിഡിയ്ക്കായി കർഷകർ സമർപ്പിക്കുന്നതായും ഇത്തരം ബില്ലുകളുടെ ആധികാരികത പരിശോധിക്കുവാൻ ഇതു കാരണം സാധിക്കാതെ വരുന്നതായും ആയതിനാൽ ഈ നിയമാനുസൃതമായ റിട്ടേൺ സ്റ്റേറ്റ്മെന്റ് കൃത്യമായി സമർപ്പിക്കുന്ന റബ്ബർ ബോർഡ് അംഗീകൃത ഡീലർമാർ നൽകുന്ന ബില്ലുകൾ മാത്രമേ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിനു കീഴിൽ സബ്സിഡിയ്ക്കായി പരിഗണിയ്ക്കുവാൻ പാടുള്ളൂവെന്ന് റബ്ബർ ബോർഡ് പരാമർശം-2 ലെ കത്ത് മുഖേന ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിക്കുകയും, റബ്ബർ ബോർഡ് അംഗീകൃത ലൈസൻസ് ഉള്ളതും നിയമാനുസൃതമായ റിട്ടേൺ സ്റ്റേറ്റ്മെന്റ് കൃത്യമായി റബ്ബർ ബോർഡിന് സമർപ്പിക്കുന്നതുമായ ഡീലർമാർ നൽകുന്ന ബില്ലുകൾ മാത്രമേ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിനു കീഴിൽ സബ്സിഡിയ്ക്കായി പരിഗണിയ്ക്കുകയുള്ളൂ എന്ന് ഉത്തരവാകുന്നു. ഈ പുതുക്കിയ നിബന്ധനയ്ക്ക് ഉത്തരവ് തിയതി മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

റബ്ബർ കർഷകരും ആർ.പി.എസ്സും അവർ ഇടപാട് നടത്തുന്ന ഡീലർമാർ റബ്ബർ ബോർഡിന്റെ അംഗീകൃത രജിസ്ട്രേഷൻ ഉള്ളവരാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**പി. ഗോപകുമാർ**
**ധനകാര്യ ജോയിന്റ് സെക്രട്ടറി**

പകർപ്പ്:
1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് - II), കേരള, തിരുവനന്തപുരം
3. ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം
4. എക്സിക്യൂട്ടീവ് ഡയറക്ടർ, റബ്ബർ ബോർഡ്, കോട്ടയം
5. നോഡൽ ഓഫീസർ, www.finance.kerala.gov.in
6. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ